## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.869

25.01.2018-ൽ മറുപടിയ്ക്ക്

### പൂക്കാട് കലാലയത്തിന് വാർഷിക ആവർത്തന ഗ്രാന്റ്

**ചോദ്യം**

ശ്രീ.കെ.ദാസൻ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ കലാ-സാംസ്കാരിക കേന്ദ്രമായ പൂക്കാട് കലാലയത്തിന് വാർഷിക ആവർത്തന ഗ്രാന്റ് അനുവദിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള ഉപസമിതി റിപ്പോർട്ടുകൾ (ശ്രീ.പി.ടി.തോമസ്, പ്രൊഫ.സി.രവീന്ദ്രനാഥ് സമിതി) ലഭിച്ചതിൽ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കലാലയത്തിന് ആവർത്തന ഗ്രാന്റ് അനുവദിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ) യും (ബി) യും നിലവിൽ സാംസ്കാരിക സംഘടനകൾക്ക്/ സമിതികൾക്ക്/സ്ഥാപനങ്ങൾക്ക് ആവർത്തന/വാർഷിക ധനസഹായം അനുവദിക്കുന്നതിന് ബാധകമാകുന്നത് 1/6/1999-ലെ സ.ഉ(എം.എസ്) നം.23/1999/സാം.കാ.വ എന്ന സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ചട്ടങ്ങൾ പ്രകാരവും പട്ടിക പ്രകാരവുമാണ്. പ്രസ്തുത ചട്ടങ്ങൾ/പട്ടിക പരിഷ്കരിക്കുന്നതിന് വേണ്ടി നിയമിച്ച ശ്രീ.പി.ടി.തോമസ് കമ്മിറ്റി 2014-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മുമ്പ് സർക്കാരിൽ സമർപ്പിച്ച ശ്രീ.കടമ്മനിട്ട രാമകൃഷ്ണൻ കമ്മിറ്റിയുടെ റിപ്പോർട്ടും, പ്രൊഫ.രവീന്ദ്രനാഥ് കമ്മിറ്റിയുടെ റിപ്പോർട്ടും, ശ്രീ.പി.ടി.തോമസ് കമ്മിറ്റിയുടെ റിപ്പോർട്ടിനോടൊപ്പം ഒന്നിച്ച് പരിശോധിച്ച് സമഗ്രമായ ശുപാർശ സമർപ്പിക്കുന്നതിന് 30/12/2016 ലെ സ.ഉ(സാധാ) നം.468/2016/സാം.കാ.വ പ്രകാരം താഴെ പറയുന്ന മൂന്നംഗ ഉപസമിതിയെ നിയമിച്ചിട്ടുണ്ട്.

1. ഡോ.കെ.പി.മോഹനൻ, സെക്രട്ടറി, കേരള സാഹിത്യ അക്കാദമി
2. ശ്രീ.എൻ.രാധാകൃഷ്ണൻ നായർ, സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി
3. പ്രൊഫ.വി.കാർത്തികേയൻ നായർ, ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

തുടർന്ന് ടി ഉപസമിതി സർക്കാരിൽ സമർപ്പിച്ച വാർഷിക/ആവർത്തന ധനസഹായങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കേണ്ട ഇടക്കാല നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും, ടി ഉപസമിതിയുടെ കൺവീനറായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ നിയമിച്ചുകൊണ്ടും 20/09/2017-ലെ സ.ഉ(സാധാ) നം. 549/2017/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത ഉപസമിതിയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷം കോഴിക്കോട് ജില്ലയിലെ പൂക്കാട് കലാലയം ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ആവർത്തന/വാർഷിക ധനസഹായങ്ങൾക്കുള്ള പുതുക്കിയ പട്ടിക അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ